**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 833** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മനുഷ്യ-വന്യജീവി സംഘർഷവും സുരക്ഷയും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മലയോര, വനമേഖലകളിൽ വന്യജീവി ആക്രമണം മൂലം ജീവഹാനിയും കൃഷിനാശവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് പ്രതിരോധിക്കാൻ നടപ്പിലാക്കിവരുന്ന ഹാംഗിംഗ് ഫെൻസിംഗ്, സൗരവേലികൾ, കിടങ്ങുകൾ എന്നിവയുടെ നിലവിലെ കാര്യക്ഷമത എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ വനമേഖലയിൽ നിന്നും ജനവാസമേഖലയിലേയ്ക്ക് വന്യമൃഗങ്ങൾ കടക്കുന്നത് പ്രതിരോധിക്കാനായി സ്ഥാപിച്ചിട്ടുള്ള ആനക്കിടങ്ങുകൾ പൂർണ്ണമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഹാങ്ങിംഗ് സോളാർ ഫെൻസും സോളാർ ഫെൻസും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ മഴ, മണ്ണൊലിപ്പ്, അടിക്കാട് വളർച്ച, മരവും മരച്ചില്ലകളും വീണുണ്ടാകുന്ന തടസ്സങ്ങൾ, വന്യമൃഗങ്ങൾ കാരണമുള്ള നാശം സംഭവിക്കാറുണ്ട്. സോളാർ ഫെൻസുകൾ നിരന്തരം നിരീക്ഷിക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കൃഷിനാശം സംഭവിക്കുന്ന കർഷകർക്കും നഷ്ടപരിഹാര തുക നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും കൃഷി/സ്വത്ത് നാശം സംഭവിച്ചിട്ടുള്ളവർക്കുമുള്ള നഷ്ടപരിഹാര അപേക്ഷ കളിന്മേൽ അർഹമായ അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുള്ളതാണ്. ഇതിലേക്കായി സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഡിവിഷൻ തലത്തിൽ പ്രത്യേക അ ദാലത്തുകൾ സംഘടിപ്പിച്ച് നഷ്ടപരിഹാര വിതരണത്തിനായുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. മതിയായ രേഖകളുടെ അഭാവത്താൽ തീർപ്പാക്കാനാകാത്ത മുന്നൂറോളം അപേക്ഷകൾ വിവിധ ഡിവിഷനുകളിലായി കുടിശ്ശികയായിട്ടുണ്ട്. നിയമപ്രകാരം ആവശ്യമായിട്ടുള്ള രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതാണ്.

**(സി)** വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച് പെട്ടെന്ന് മുന്നറിയിപ്പ് നൽകുന്നതിനായി റേഡിയോ കോളറിംഗ്, എ.ഐ. അധിഷ്ഠിത ക്യാമറകൾ, ഡ്രോൺ നിരീക്ഷണം തുടങ്ങിയ ആധുനിക

സാങ്കേതികവിദ്യകൾ എത്ര വനമേഖലകളിൽ പൂർണ്ണമായി സജ്ജമാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ജനവാസമേഖലകളിൽ നിരന്തരം കടന്നു വന്ന് മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന ആന, കടുവ എന്നീ മൃഗങ്ങളെ നിരന്തരം നിരീക്ഷിക്കുന്നതിനായി ആവശ്യമുള്ള ഡിവിഷനുകളിൽ ലഭ്യമാക്കാനായി റേഡിയോ കോളറുകൾ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പതിനാല് ലാൻഡ്സ്കേപ്പുകളിലും ഡ്രോൺ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ അവരുടെ സേവനം കാര്യമായി പ്രയോജനപ്പെടുത്തി വരുന്നതുമാണ്. മനുഷ്യ-വന്യ ജീവി സംഘർഷം നിരന്തരം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഡ്രോൺ നിരീക്ഷണത്തിനു പുറമേ എ.ഐ. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണ / മുന്നറിയിപ്പ് സംവിധാനങ്ങളും പ്രവർത്തിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**